ആവശ്യത്തിനുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ കുറവ് എന്നിവ പദ്ധതി നടത്തിപ്പിന് ദോഷകരമായി ബാധിച്ച പ്രധാന ഘടകങ്ങളായിരുന്നു. ഈ തടസ്സങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വേണ്ടി സംസ്ഥാന സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു. അത്തരം നടപടികളിലൂടെ പി.എം.ജി.എസ്.വൈ. പദ്ധതികളുടെ പ്രവർത്തനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. ഇത്തരത്തിൽ സ്വീകരിച്ചതായ നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 822.607 കി.മി. ദൈർഘ്യം വരുന്ന 300 റോഡുകളാണ് സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നത്.

ശബരിമല മാസ്റ്റർ പ്ലാൻ

27(*57) ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. അജിത് :
ശ്രീ. മാങ്കോട് മാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ എത്ര പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ബാക്കിയുള്ള എത്ര പദ്ധതികൾക്ക് ഇപ്പോൾ മുൻഗണന ലഭിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പൂർണ്ണമായി നടപ്പാക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ-ബി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ശബരിമല,പമ്പ,നിലയ്ക്കൽ,മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിലായി വിഭാവന ചെയ്തിട്ടുള്ളത് 50 വർഷക്കാല ത്തേയ്ക്കുള്ള നിരവധി പദ്ധതി നിർദ്ദേശങ്ങളാണ്. അവയ്ക്കു കീഴിലുള്ള പ്രവൃത്തികളുടെ എണ്ണം കൃത്യമായി തീരുമാനിച്ചിട്ടില്ല. പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. നിലയ്ക്കൽ വിശ്രമ പന്തൽ
2. 400 ടോയ്ലറ്റുകൾ നിർമ്മിച്ചു.
3. കുടിവെള്ള വിതരണ ശൃംഖല ഏർപ്പെടുത്തി.

---

* *ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. കുടിവെള്ള സംഭരണികൾ നിർമ്മിച്ചു.

5. പാർക്കിംഗ് ഗ്രൗണ്ടിലേയ്ക്കുള്ള റോഡുകൾ നവീകരിച്ചു.

6. പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചു.

7. താമസസൗകര്യത്തിനായി 3 ബഹുനിലകെട്ടിടങ്ങൾ നിർമ്മിച്ചു.

8. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 400 kg./hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു.

9. ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു.

10. പാർക്കിംഗ് ഗ്രൗണ്ടുകൾ നിർമ്മിച്ചു.

11. പള്ളിക്കുളം നവീകരിച്ചു.

12. പമ്പയിൽ വിശ്രമപന്തൽ നിർമ്മിച്ചു.

13. പമ്പയിൽ പുതിയ 400 kg./hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു.

14. ഖരമാലിന്യങ്ങൾ ശേഖരിച്ചു വേർതിരിക്കുന്നതിനായി ഷെഡ്ഡുകൾ നിർമ്മിച്ചു.

15. അപ്പാച്ചിമേട്ടിലും നീലിമലയിലും താമസസൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാർഡിയോ സെന്ററുകൾ നിർമ്മിച്ചു.

16. പമ്പയിൽ 160 പുതിയ ടോയ്ലെറ്റുകൾ നിർമ്മിച്ചു.

17. അപ്പാച്ചിമേട്ടിൽ പുതിയ വിശ്രമസങ്കേതം നിർമ്മിച്ചു.

18. അപ്പാച്ചിമേടു മുതൽ കുത്തനെയുള്ള കയറ്റം ലഘൂകരിച്ച് പാത വീതി കൂട്ടി ബാരിക്കേടുകൾ നിർമ്മിച്ചു.

19. പരമ്പരാഗത പാതയിൽ ലാട്രിൻ ബ്ലോക്കുകൾ, സ്വാമി അയ്യപ്പൻ റോഡിൽ യൂറിനലുകൾ നിർമ്മിച്ചു.

20. ചന്ദ്രാനന്ദൻ റോഡ് 7 മീറ്റർ വീതി കൂട്ടി സംരക്ഷണ ഭിത്തി കെട്ടി.

21. അപ്പാച്ചിമേട്-നീലിമല മുതൽ 4 സ്ഥലങ്ങളിൽ കാനനപാതയുടെ മുകളിൽ മേൽക്കൂര നിർമ്മിച്ചു.

22. ശബരിമലയിൽ 320 ലാട്രിനുകളും 80 ബാത്ത് റൂമുകളും നിർമ്മിച്ചു.

23. ശബരിമലയിൽ 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 2 വാട്ടർ ടാങ്കുകൾ നിർമ്മിച്ചു.

24. സന്നിധാനത്തുനിന്നും മാളികപ്പുറത്തേയ്ക്കുള്ള ഫ്ളൈ ഓവറിനു മുകളിൽ മേൽക്കൂര നിർമ്മിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, നിലയ്ക്കൽ ശബരിഭവനകളുടെ നിർമ്മാണം, പ്രസാദം കോംപ്ലക്സ്, ക്യൂ കോംപ്ലക്സ്, റോപ്പ്വേ, നിലയ്ക്കൽ പാർക്കിംഗ് ഏരിയ, അന്നദാനമണ്ഡപം, നിലയ്ക്കൽ ചെക്ക് ഡാം, നിലയ്ക്കൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, പമ്പയിൽ സർവ്വീസ് റോഡ്, നടപ്പാതയുടെ മേൽക്കൂര, നിലയ്ക്കലിൽ കുടിവെള്ള സംഭരണ ടാങ്ക് എന്നീ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ചെയ്യാനുദ്ദേശിക്കുന്നവയാണ്. നിലയ്ക്കലിൽ പാർക്കിംഗ് ഏരിയ വിപുലീകരണം, ഉൾറോഡുകളുടെ നിർമ്മാണം, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, വാട്ടർ റിസർവോയർ എന്നീ പ്രവൃത്തികൾ സീസണിനുമുമ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ശബരിമലയിൽ വലിയ നടപ്പന്തലിന്റെ പുനഃനിർമ്മാണം, താഴെ തിരുമുറ്റം വിപുലീകരണം, പ്രസാദ കോംപ്ലക്സ് പുനർവിന്യാസം, ചന്ദ്രാനന്ദൻ റോഡിലേക്കുള്ള പാലത്തിന്റെ നിർമ്മാണം എന്നിവ സീസണിനുമുമ്പ് ഉദ്ദേശിക്കുന്നു.

(സി) 2050-ാം മാണ്ടോടുകൂടി പൂർത്തിയാക്കാൻ കഴിയുന്ന ദീർഘകാല പദ്ധതി നിർദ്ദേശങ്ങളാണ് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്.

തെരുവുനായ്ക്കളുടെ ശല്യത്തിന് പരിഹാരം

28(*58) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ.. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) നിരവധി വിദേശികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് നായകളുടെ കടിയേറ്റ സാഹചര്യത്തിൽ സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലയ്ക്ക് തിരിച്ചടിയുണ്ടാവുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ ആലോചിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ചികിത്സയ്ക്ക് വേണ്ട സഹായം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ;

(ഇ) ആശുപത്രികളിൽ അത്തരക്കാർക്ക് സൗജന്യ ചികിത്സയും പേവിഷബാധയ്ക്കെതിരെ കുത്തിവയ്പും നൽകാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly